## പതിമൂന്നാം കേരള നിയമസഭ

## 16-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2111** **17.02.2016-ൽ മറുപടിയ്ക്ക്**

## കോട്ടത്തോട് നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) |
| (എ) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ കോട്ടത്തോട് നവീകരണവുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;<br>(ബി) കോട്ടത്തോട് നവീകരണത്തിന് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) യും (ബി) യും മാവേലിക്കര നഗരസഭയിൽ കോട്ടത്തോടിന്റെ നവീകരണത്തിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2013-14 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 'ക്ലീനിംഗ് ആന്റ് റെജുവിനേഷൻ ഓഫ് കോട്ടത്തോട്, മാവേലിക്കര, ആലപ്പുഴ' എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇതിനായി 30 ലക്ഷം രൂപ അനുവദിക്കുകയും തുക മാവേലിക്കര മുനിസിപ്പാലിറ്റിക്ക് കൈമാറുകയും ചെയ്തു. |
| (സി) പ്രസ്തുത പ്രവൃത്തിയിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (സി) 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനിയറിൽ നിന്നും സാങ്കേതിക അനുമതി വാങ്ങി. 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തിയായതിനാൽ ഇ-ടെണ്ടർ മൂന്ന് തവണ ക്ഷണിച്ചെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാതിരുന്നതിനാൽ നെഗോസിയേഷൻ പരസ്യപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ